ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:30.05.2025**

## പ്രധാനവാർത്തകൾ

1. **സംസ്ഥാനത്തുടനീളം അതിതീവ്ര മഴ തുടരുന്നു. എല്ലാ ജില്ലകളിലും ജാഗ്രതാ നിർദേശം. പലയിടങ്ങളിലും കനത്ത നാശനഷ്ടം. നദികളിൽ ജലനിരപ്പ് ഉയരുന്നു.**

2. **സംസ്ഥാനത്ത് മഴ തുടരുമെന്ന മുന്നറിയിപ്പുണ്ടെങ്കിലും പ്രളയ സാധ്യത ഇതുവരെയില്ലെന്ന് മന്ത്രി കെ രാജൻ.**

3. **നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചു. സിപിഐഎം ന്റെ എം.സ്വരാജ് മത്സരിക്കും.**

4. **മലപ്പുറം ജില്ലയിലെ നിപ ബാധിത രോഗമുക്തയായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. സമ്പർക്ക പട്ടികയിലുള്ള എല്ലാവരുടെയും നിരീക്ഷണ കാലാവധി പൂർത്തിയായി.**

5. **ഐപിഎൽ ക്രിക്കറ്റ് എലിമിനേറ്റർ മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ഇന്ന് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

&&&&&&&&&&&&&&&&&&

<u>**പി എം - ബീഹാർ / യു.പി**</u>

രാജ്യത്തു നിന്ന് നക്സലിസം എത്രയും വേഗം തുടച്ചു നീക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബീഹാറിലെ കാരാകാട്ടിൽ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയായിരുന്നു

RNU TVPM

പ്രധാനമന്ത്രി. രാജ്യത്തിൻറെ എല്ലാ കോണിലും സമാധാനവും വികസനവും ഉറപ്പാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ഉച്ചക്ക് ശേഷം ഉത്തർപ്രദേശിൽ എത്തുന്ന ശ്രീ.മോദി കാൺപൂരിൽ 20,900 കോടി രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 1

മഴ

സംസ്ഥാനത്ത് അതിതീവ്ര മഴ തുടരുമെന്ന് കാലാവസ്ഥവകുപ്പ്. ഇന്ന് ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. മറ്റ് എല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. നദീതീരത്തുള്ളവരും മലയോര മേഖലകളിലുള്ളവരും ജാഗ്രത പാലിക്കണം. കനത്ത മഴയെ തുടർന്ന് ഇടുക്കി ജില്ലയിലെ മലയോര മേഖലകളിലൂടെയുള്ള രാത്രി ഗതാഗതം പൂർണമായും നിരോധിച്ചു. ശക്തമായ കാറ്റിൽ മരങ്ങൾ ഒടിഞ്ഞു വീഴുകയും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറുകയും ചെയ്തു. തലസ്ഥാനത്തുൾപ്പെടെ സംസ്ഥാനത്തുടനീളം വൈദ്യുതി ബന്ധം തകരാറിലായി. പ്രധാന നദികളിൽ ജലനിരപ്പ് ഉയരുകയാണ്. കനത്ത മഴയിൽ സംസ്ഥാനത്തുടനീളം ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. ട്രാക്കിൽ വെള്ളം കയറിയും മരം വീണുമാണ് ഗതാഗത തടസ്സം നേരിട്ടത്. നിരവധി ട്രെയിനുകൾ വൈകിയാണ് ഓടുന്നത്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് തുടരും.

&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 2

മന്ത്രി കെ. രാജൻ (ഇൻട്രോ)

സംസ്ഥാനത്ത് മഴ തുടരുമെന്ന മുന്നറിയിപ്പുണ്ടെങ്കിലും പ്രളയ സാധ്യത ഇതുവരെയില്ലെന്ന് റവന്യു മന്ത്രി കെ രാജൻ. ശക്തമായ കാറ്റിൽ പലയിടത്തും മരങ്ങൾ വീഴുന്ന സംഭവങ്ങൾ

RNU TVPM

റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റാനുള്ള അധികാരം പഞ്ചായത്ത് സെക്രട്ടറിമാർ വിനിയോഗിക്കണമെന്ന് മന്ത്രി നിർദേശിച്ചു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മന്ത്രി പറഞ്ഞു.
( വോയിസ്....)

&&&&&&&&&&&&&&&&&&

<u>കോഴിക്കോട് - മഴ</u>

കോഴിക്കോട് ജില്ലയിൽ ഇന്നും ശക്തമായ മഴ തുടരുന്നു. നിലവിൽ വടകര താലൂക്കിൽ ഒന്നും കോഴിക്കോട് താലൂക്കിൽ രണ്ടും ക്യാമ്പുകളാണുള്ളത്. ഇന്നലെയും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മഴയിലും കാറ്റിലും നാശനഷ്ടങ്ങളുണ്ടായി. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായുള്ള കക്കയം ഡാമിലെ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ജലനിരപ്പ് റെഡ് അലർട്ട് നിലയിൽ എത്തിയാൽ അധിക ജലം തുറന്നു വിടുമെന്നതിനാൽ കുറ്റ്യാടി പുഴയുടെ തീരങ്ങളിൽ താമസിക്കുന്ന ആളുകൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

&&&&&&&&&&&&&&&&&&

PIU TVPM

<u>കണ്ണൂർ (ഇൻട്രോ)</u>

കണ്ണൂരിൽ മഴ ശക്തം പ്രാപിക്കുന്നു. വിവിധയിടങ്ങളിൽ വെള്ളം കയറി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ........**
**(വോയ്സ്)**

&&&&&&&&&&&&&&&&&&

<u>മഴ - പത്തനംതിട്ട</u>

പത്തനംതിട്ട ജില്ലയിൽ തുടരുന്ന കനത്ത മഴയിൽ വ്യാപക നാശ നഷ്ടം. മഴയ്ക്കൊപ്പം വീശിയടിക്കുന്ന ശക്തമായ കാറ്റിൽ മരങ്ങൾ ഒടിഞ്ഞുവീണു. പമ്പ, അച്ചൻകോവിൽ, മണിമല നദികളിൽ ജലനിരപ്പ് ഉയരുന്നുണ്ട്. നിലവിൽ ജില്ലയിൽ മൂന്ന്

ദുരിതാശ്വാസ ക്യാമ്പുകളാണുള്ളത്. തിരുവല്ല ഇരവിപേരൂർ, കോന്നി തണ്ണിത്തോട്, മല്ലപ്പള്ളി ആനിക്കാട് എന്നിവിടങ്ങളിലാണ് ക്യാമ്പ് പ്രവർത്തിക്കുന്നത്.

&&&&&&&&&&&&&&&&&&&

**ഇടുക്കി (ഇൻട്രോ)**

ഇടുക്കിയിൽ തുടർച്ചയായുണ്ടാകുന്ന അതി തീവ്ര മഴയ്ക്ക് നേരിയ ശമനം. ജില്ലയിലെ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളും അടച്ചതിനൊപ്പം തോട്ടം തൊഴിലാളികൾക്കും തൊഴിലുറപ്പ് ജോലിക്കാർക്കും അവധിയേർപ്പെടുത്തി.

ഇടുക്കിയിലെ മലയോര മേഖലകളിലൂടെ രാത്രി ഗതാഗതം പൂർണമായും നിരോധിച്ചു. കൊച്ചി - ധനുഷ്ക്കോടി ദേശീയപാതയിലെ ചിലയിടങ്ങളിൽ പകൽ സമയവും കർശന യാത്രാ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

**( വോയിസ്....)**

&&&&&&&&&&&&&&&&&&&

**മഴ - കാസർഗോഡ്**

ശക്തമായ മഴയെ തുടർന്ന് കാസർഗോഡ് പലയിടങ്ങളിലും വെള്ളം കയറി. മടിയൻ കൂളിക്കാട് പാലക്കി പ്രദേശങ്ങളിൽ വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് ജനങ്ങളെ മാറ്റിപ്പാർപ്പിച്ചു. മംഗലാപുരത്തിനടുത്ത് ഉള്ളാൽ ഭാഗത്ത് മരം വീണതിനാൽ ട്രെയിനുകൾ പിടിച്ചിട്ടു. മധുവാഹനി പുഴയിൽ ഒരാൾ ഒഴുക്കിൽപ്പെട്ടതിനെ തുടർന്ന് ഫയർഫോഴ്സും നാട്ടുകാരും തിരച്ചിൽ നടത്തുകയാണ്.

&&&&&&&&&&&&&&&&&&&

**കൊല്ലം - മഴ**

കൊല്ലം ജില്ലയിൽ ശക്തമായ മഴയിലും കാറ്റിലും വ്യാപക നാശനഷ്ടം. രാത്രി തങ്കശ്ശേരിയിൽ റോഡിന് കുറുകെ ഇലക്ട്രിക് പോസ്റ്റുകൾ മറിഞ്ഞു. പള്ളിക്കൽ നദിയിലെ ആനയടി സ്റ്റേഷനിൽ ജലനിരപ്പ്, മുന്നറിയിപ്പ് നില കടന്നിട്ടുണ്ട്. നദിയുടെ

RNU TVPM

തീരത്തുള്ളവർ ജാഗ്രത പുലർത്തണമെന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

&&&&&&&&&&&&&&&&&&

<u>ആലപ്പുഴ (ഇൻട്രോ)</u>

കുട്ടനാട്ടിൽ മഴക്കെടുതി രൂക്ഷം. നിരവധി വീടുകളിൽ വെള്ളം കയറി. വെള്ളത്തിൽ വീണ് 2 പേർ മരിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാപ്രതിനിധി ആർ രവികുമാർ......**

(വോയ്സ്)

&&&&&&&&&&&&&&&&&&

<u>തിരുവനന്തപുരം - മഴ</u>

കനത്ത മഴയിലും ശക്തമായ കാറ്റിലും തലസ്ഥാനത്തും വ്യാപക നാശ നഷ്ടം. പലയിടങ്ങളിലും വൈദ്യുതി പോസ്റ്റുകൾ ഒടിഞ്ഞുവീണ് വൈദ്യുതി നിലച്ചു. 15-ൽ അധികം ഇലക്ട്രിക് പോസ്റ്റുകളാണ് വീണത്. മരം വീണ് നിരവധിയിടങ്ങളിൽ വീടുകളും വാഹനങ്ങളും തകർന്നു.

RNU TVPM

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 3</u>

<u>നിലമ്പൂർ - എൽ ഡി എഫ്</u>

നിലമ്പുർ ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർത്ഥിയായി സിപിഐഎം ന്റെ എം.സ്വരാജ് മത്സരിക്കും. സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദനാണ് സ്ഥാനാർഥിയെ പ്രഖ്യാപിച്ചത്. സംസ്ഥാന സെക്രട്ടേറിയറ്റ് യോഗമാണ് തീരുമാനം എടുത്തതെന്ന് എം.വി.ഗോവിന്ദൻ വ്യക്തമാക്കി. മുൻ എംഎൽഎ ആയിരുന്ന എം.സ്വരാജ് നിലമ്പുർ സ്വദേശിയാണ്. യുഡിഎഫ് സ്ഥാനാർഥിയായി ആര്യാടൻ ഷൗക്കത്താണ് രംഗത്തുള്ളത്.

&&&&&&&&&&&&&&&&&&

## നിലമ്പൂർ - ഇലക്ഷൻ

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി തീരുമാനം ഉടനില്ലെന്ന് പി.വി.അൻവർ. ഇന്നത്തെ യു ഡി എഫ് യോഗം കഴിയും വരെ കാത്തിരിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 4

## നിപ - വീണാ ജോർജ്ജ്

മലപ്പുറം ജില്ലയിലെ നിപ ബാധിത രോഗമുക്തയായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. 2 സാമ്പിളുകൾ നെഗറ്റീവ് ആയെങ്കിലും രോഗി ഗുരുതരാവസ്ഥ തരണം ചെയ്തിട്ടില്ല. എന്നാൽ രോഗിയുടെ ആരോഗ്യ നില മെച്ചപ്പെട്ടു വരുന്നതായി ഡോക്ടർമാർ അറിയിച്ചു. ആദ്യ അണുബാധ കണ്ടെത്തി, പൂർണ ഇൻകുബേഷൻ സമയം പിന്നിട്ടെങ്കിലും നിരീക്ഷണവും കോൾ സെന്റർ സൗകര്യങ്ങളും തുടരുമെന്ന് മന്ത്രി പറഞ്ഞു. സമ്പർക്ക പട്ടികയിലുള്ള എല്ലാവരുടെയും നിരീക്ഷണ കാലാവധിയും പൂർത്തിയായി.

RNU TVPM

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ഐപിഎൽ - ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റ് എലിമിനേറ്റർ മത്സരത്തിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഇന്നലെ നടന്ന ആദ്യ ക്വാളിഫയറിൽ പഞ്ചാബ് കിംഗ്സിനെ പരാജയപ്പെടുത്തി റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഫൈനലിൽ പ്രവേശിച്ചു. എലിമിനേറ്ററിൽ വിജയിക്കുന്ന ടീം ഞായറാഴ്ച നടക്കുന്ന രണ്ടാം ക്വാളിഫയറിൽ പഞ്ചാബ് കിംഗ്സിനെ നേരിടും. ജൂൺ 3 നാണ് ഫൈനൽ.

&&&&&&&&&&&&&&&&&&

## കോട്ടയം - പാർടൈം കറസ്പോണ്ടൻറ്

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്റോണ്ടൻറായി കരാർ അടിസ്ഥാനത്തിലുള്ള തസ്തികയിലേക്ക് അപേക്ഷക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം അപേക്ഷകർ. കൂടുതൽ വിവരങ്ങൾക്ക് https://prasarbharati.gov.in/pbvacancies/ എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

&&&&&&&&&&&&&&&&&&

## വികസിത സങ്കല്പ് അഭിയാൻ

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാന് സംസ്ഥാനത്ത് തുടക്കമായി. പത്തനംതിട്ട ജില്ലയിലെ നാല് ബ്ലോക്ക് പഞ്ചായത്ത് പരിധികളിൽ ഇന്ന് ക്യാമ്പയിന് നടക്കും. ജൂൺ 12 വരെയാണ് ക്യാമ്പയിൻ. കാർഷിക രംഗത്തെ വിദഗ്ധരും ഗവേഷകരും നൂതന സാങ്കേതിക വിദ്യകൾ കർഷകരുമായി പങ്കു വയ്ക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യും.

&&&&&&&&&&&&&&&&&&

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 156 പോയിന്റ് താഴ്ന്ന് 81,479 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 48 പോയിന്റ് നഷ്ടത്തിൽ 24,784 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവിലയിൽ വർദ്ധനവ്. ഗ്രാമിന് 25 രൂപ വർദ്ധിച്ച് 8,920 രൂപയും പവന് 71,360 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

RNU TVM

## മുഖ്യമന്ത്രി - കോവിഡ്

സംസ്ഥാനത്ത് ചെറിയ തോതിൽ കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജില്ലകളിൽ പരിശോധനാ സംവിധാനങ്ങളും ആവശ്യമായ മരുന്നുകളും ഉറപ്പുവരുത്തിയിട്ടുണ്ട്. രോഗലക്ഷണങ്ങൾ ഉള്ളവർ നിർബന്ധമായും മാസ്ക് ധരിക്കണം. മഴക്കാലത്തെ പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത പുലർത്തണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM